# ജമാഅത്തെ ഇസ്ലാമിയുടെ "സൗഹൃദ സമ്പാദ്യ പദ്ധതി"

ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിക്ക് ഒരു ചരിത്രമുണ്ട്. മാലോകർക്കു മുഴുവൻ അറിയാവുന്ന ആ ചരിത്രം ഇന്ന് ഏറെ പഠിപ്പിക്കപ്പെടുന്നത് ജമാഅത്ത് ഹൽഖകളിലൊ അതിൻെറ പാഠശാലകളിലൊ അല്ല, സംഘ്പരിവാർ കേന്ദ്രങ്ങളിലും, ആർ.എസ്.എസ് പഠന ശിബിരങ്ങളിലുമാണ്. ഇന്ത്യൻ രാഷ്ട്രീയ പ്രക്ഷുബ്ധതയിൽ, 'കലക്കവെള്ളത്തിലെ മീൻപിടുത്ത'മെന്നോണം ഉയിർകൊണ്ട ഒരു ആശയ പ്രസ്ഥാനമാണത്. ഒരൊറ്റ മനുഷ്യൻെറ മസ്തിഷ്കമാണ് അതിൻെറ ഉറവിടം: അബുൽ അഅ്ല മൗദൂദി.

വെറുതെ പറയുന്നതല്ല ഇത്: **"1941 ആഗസ്റ്റിൽ ജമാഅത്തിൻെറ രൂപീകരണത്തിന് വഴിവെച്ച അടിസ്ഥാനാശയങ്ങൾ 30കളിൽ ഇന്ത്യയുടെ രാഷ്ട്രീയ ഭാവിയെക്കുറിച്ച് നടന്ന ചർച്ചയിൽ നിന്ന് രൂപം കൊണ്ടതാണ്." (ഡോ. നജാത്തുല്ല സിദ്ധീഖി, ജമാഅത്തെ ഇസ്ലാമി മതേതര ഭാരതത്തിൽ, പേജ്: 05)**

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകൂടമാകട്ടെ, സ്വാതന്ത്ര്യ സമര വിജയാനന്തരം ഉണ്ടാകണമെന്ന് ഓരോ സമര സേനാനിയും ആഗ്രഹിച്ച മതേതര ജനാധിപത്യ ഭരണകൂടമാകട്ടെ രണ്ടിനേയും അംഗീകരിക്കാൻ ഒരൊറ്റ മുസൽമാനും സാധ്യമല്ല എന്ന് സമരത്തിൻെറ നാളുകളിൽ നാവു കൊണ്ടും പേനകൊണ്ടും പൊട്ടിത്തെറിച്ച വ്യക്തിയാണദ്ദേഹം. കാരണം, ഇസ്ലാമിക പരിപ്രേക്ഷ്യത്തിൽ, അവയിലെ ഒന്ന് **'ലാത്ത'**യെന്ന വിഗ്രഹമാണെങ്കിൽ രണ്ടാമത്തേത് **'മനാത്ത'**യെന്ന വിഗ്രഹമാണ്.

മൗദൂദിയുടെ ലേഖനങ്ങൾക്കും പുസ്തകങ്ങൾക്കും മറ്റു ജമാഅത്തു സാഹിത്യങ്ങൾക്കും ഇസ്ലാമിനേയും മുസ്ലിംകളേയും ഇതര സമൂഹങ്ങൾക്കിടയിൽ തെറ്റിധരിപ്പിക്കാൻ വളരെയേറെ സാധിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. കാലങ്ങളിത്ര പിന്നിട്ടിട്ടും **'സങ്കൽപ വീടു പൊളിച്ച്'** മൗദൂദിയുടെ പ്ലാനനുസരിച്ചുള്ള ഒരു വീടുവെക്കാൻ, ഗുജ്റാത്തിൽ, മുസ്ലിം അമുസ്ലിം മുഖം നോക്കാതെ, ആയിരക്കണക്കിനാളുകൾക്ക് വീട് വെച്ചു കൊടുത്തു എന്ന് മേനി പറയുന്ന ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിക്ക് കഴിഞ്ഞിട്ടില്ല!!!

നേതാവിൻെറ സ്കെച്ചു വെച്ച് **'തറകീറാൻ'** പോലും കഴിയില്ലെന്ന് ബോധ്യപ്പെട്ടാൽ പിന്നെ ചെയ്യാനുള്ളത് സ്കെച്ചു മാററി വരക്കുക എന്നതാണ്. തങ്ങളുടെ പഴയചരിത്രപാഠങ്ങൾ ആർ.എസ്.എസ്, പരിവാർ കേന്ദ്രങ്ങളിലെ പാഠ്യപദ്ധതിയിൽ നിന്നും മാറ്റാനും ഒരു 'പൊതുധാരാ പ്രസ്ഥാനമായി' ഇന്ത്യൻ സമൂഹമധ്യത്തിൽ അറിയപ്പെടാനും കൊതിക്കുകയാണ് ജമാഅത്ത് ഇപ്പോൾ. അതിന് രണ്ടു കാര്യങ്ങൾ ഒരേ സമയം ചെയ്യേണ്ടതുണ്ട്. **ഒന്ന്,** തങ്ങളല്ലാത്ത ഇസ്ലാമിക പ്രസ്ഥാനങ്ങളെ, വിശിഷ്യാ തൗഹീദീ പ്രബോധനത്തിന് പ്രമാണബദ്ധമായി നിലകൊള്ളുന്ന മുജാഹിദു പ്രസ്ഥാനത്തെ ഇവിടുത്തെ മതഭൂരിപക്ഷത്തിന് എതിരു നിൽക്കുന്നവരും, അസഹിഷ്ണുതയുടെ വക്താക്കളും, മതസൗഹാർദ്ദത്തിൻെറ ശത്രുക്കളും, ഒക്കെയാക്കി പൊതുജനമധ്യേ അവതരിപ്പിക്കുക. **രണ്ട്,** തങ്ങളാണ് ജനാധിപത്യ വ്യവസ്ഥിതിയിൽ കൂടുതൽ വിനീതരും അപകടരഹിതരും, സൗഹൃദമനസ്ഥിതിക്കാരും എന്ന് 'ഭരണകൂടതലം മുതൽ താഴേത്തട്ടുവരെ' ഉള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുക. തങ്ങളുടെ ഗതകാല ചരിത്രവും പ്രസ്ഥാനത്തിൻെറ അടിയാധാരവും മാറ്റാൻ കഴിയാത്തിടത്തോളം ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിക്ക് മേൽ സൂചിപ്പിക്കപ്പെട്ട രണ്ട് ശ്രമങ്ങളും വിജയത്തിലെത്തിക്കാൻ സാധിക്കുകയില്ല, തീർച്ച.

**'ബ്രദർ ശൈഖ് മുഹമ്മദി'ൽ നിന്ന് 'വെറും ശൈഖ് മുഹമ്മദി'ലേക്ക് എത്തിപ്പെട്ടപ്പോഴേക്കും പ്രസ്ഥാനത്തിനകത്ത് സംഭവിച്ച മാറ്റങ്ങൾ ചെറുതല്ല. അതിന് ശൈഖ് സാഹിബ് നൽകിയ സംഭാവനകളും ചെറുതല്ല.** കുറച്ചു വർഷങ്ങളായി ജമാഅത്ത് **'വിയർപ്പൊഴുകുന്ന'** അധ്വാനത്തിലാണ്. മൗദൂദി സാഹിബ് വിഭാവനം ചെയ്ത 'മതാധിഷ്ഠിത

ഭരണകൂട നിർമ്മാണ പദ്ധതി'യെ ഏറ്റവും അടിയിൽ **'കമഴ്ത്തി'** വെച്ച് (ആവശ്യം വരുമ്പോൾ ഒന്ന് മറിച്ചാൽ മതി, പദ്ധതി മേലെയാകുമല്ലൊ).

- ഞങ്ങളാണ് ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയെ മറ്റേതൊരു സംഘടനയേ ക്കാളും കൂടുതൽ അംഗീകരിക്കുന്നത് എന്ന് പ്രസ്താവിക്കുക,
- വോട്ടിംഗിലും, രാഷ്ട്രീയ കക്ഷികളെ തെരഞ്ഞെടുക്കുന്നതിലും ശ്രദ്ധ കാട്ടുക,
- ഓണക്കിറ്റു വിതരണം ചെയ്തും ഓണാശംസകൾ കൈമാറിയും മതസൗഹാർദ്ധത്തിന്റെ കുത്തകക്കാരാകുക,
- അയ്യപ്പ ഭക്തർക്ക് യാത്രയയപ്പു നൽകി തങ്ങളുടെ മതേതരത്വ മഹാമനസ്കത വെളിവാക്കുക
- ഗുജ്റാത്തിൽ മതം നോക്കാതെ വീടുകൾ നിർമ്മിച്ചു നൽകി എന്ന് പറഞ്ഞ് ജനകീയമാകുക.
- തുടങ്ങിയ 'നവംനവ പദ്ധതി'കൾ നടപ്പിലാക്കാനുള്ള ബദ്ധപ്പാടിലാണ് ജമാഅത്തെ ഇസ്ലാമി.



ശബരിമല തീർഥാടനത്തിന് പോകുന്ന അയ്യപ്പഭക്തർക്ക് പൊറ്റശ്ശേരിയിൽ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർ യാത്രയയപ്പ് നൽകിയപ്പോൾ

**അയ്യപ്പന്മാർക്ക് മുസ്‌ലിം സഹോദരന്മാർ യാത്രയയപ്പ് നൽകി**

മുക്കം: ശബരിമല തീർഥാടനത്തിന് പോകുന്ന അയ്യപ്പഭക്തന്മാർക്ക് മുസ്‌ലിം സഹോദരന്മാർ യാത്രയയപ്പ് നൽകി. ...മെ വഴിയിൽ സ്ഥിതി ചെയ്യുന്ന മുസ്‌ലിം പള്ളിക്കും ക്ഷേത്രത്തിനും ഒറ്റ ചൂണ്ടുപലക നൽകുകവഴി മതമൈത്രിക്ക് നേരത്തെ ശ്രദ്ധ പിടിച്ചുപറ്റിയ പൊറ്റശ്ശേരിയിലാണ് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകർ അയ്യപ്പഭക്തന്മാർക്ക് യാത്രയയപ്പ് നൽകിയത്. രാമചന്ദ്രൻ നമ്പൂതിരി അധ്യക്ഷത വഹിച്ചു. പുളിയാക്കൽ പറങ്ങോടൻ, കണ്ണങ്കര അശോകൻ, എൻ. അബ്ദുറഹ്മാൻ, മനോജ് പുളിയാറ...മുത്തലിബ് മൗലവി എന്നിവർ സംസാരിച്ചു. എൻ. സുബൈ...ഗതവും രാമകൃഷ്ണൻ കുന്നല നന്ദിയും പറഞ്ഞു.

**ഇവയുടെയൊക്കെ തുടർച്ചയാണ് ശൈഖ് സാഹിബിന്റെ മാതൃഭൂമിയിലെ (3.12.2006) പ്രതികരണവും. പേനയുടെ 'ടോപ്പ്" ഹാഫിസ് മുഹമ്മദിന്റെ നേർക്കും 'നിബ്ബ്" 'മൗലവി"ക്കു നേർക്കും പിടിച്ചു കൊണ്ടാണ് അദ്ദേഹം ലേഖനമെഴുതിയത്!!!**

('സോളിഡാരിറ്റി' രാഷ്ട്രീയച്ചാലിൽ **'നീന്തിക്കളിക്കാൻ'** പഠിച്ചു തുടങ്ങിയിട്ടുണ്ട്, എന്ന അഹങ്കാരം കൊണ്ടാണൊ ആവൊ, പ്രതികരണക്കുറിപ്പിന് നൽകിയ തലക്കെട്ടിന് ഒരു 'തലക്കനം' : "മൗലവിയുടെ ജല്പനം ഗൗനിക്കേണ്ട")

എന്തുമാകട്ടെ, ജമാഅത്തെ ഇസ്ലാമി ആകപ്പാടെ മാറിക്കഴിഞ്ഞിരിക്കുന്നു. **'സൗഹൃദ'**മാണ് അതിന്റെ ഇപ്പോഴത്തെ അജണ്ട. അമുസ്ലിംകളുടെ സ്നേഹവും, സൗഹാർദ്ധവും, വിശ്വാസ്യതയും കവർന്നെടുക്കാൻ കാണിക്കുന്ന ഈവക കാട്ടിക്കൂട്ടലുകൾ മനസിലാക്കാൻ മാത്രം പോന്ന വിവേകമില്ലാത്തവരാണ് ഇവിടുത്തെ ഇതര മതസ്ഥർ എന്ന ധാരണയാണൊ ഇവർക്ക്? ഇന്ത്യാ മഹാരാജ്യത്തിലെ വിദ്യാസമ്പന്നർ മുതൽ സാധാരണക്കാരൻവരെ ജമാഅത്തിനെ വായിക്കാനും പഠിക്കാനും തുടങ്ങിയിട്ട് കാലങ്ങളെത്രയായി. പെട്ടൊന്നൊരു നാൾ 'സൗഹൃദത്തൂവാല'യുമായി ശൈഖ് സാഹിബ് സ്റ്റേജിൽ പ്രത്യക്ഷപ്പെട്ടാൽ അതൊരു മാന്ത്രികന്റെ മായാജാല പ്രകടനമായി മാത്രം വിലയിരുത്താൻ ശേഷിയുള്ള ജനം ദുനിയാവിലുണ്ട് എന്നറിയിക്കുകയാണ്, വിനയപൂർവം.

ജമാഅത്തിന്റെ **'സൗഹൃദ സമ്പാദ്യ പദ്ധതി'**ക്ക് ചില ഉദാഹരണങ്ങൾ സത്യാന്വേഷികളുടെ ശ്രദ്ധയിലേക്കായി നൽകുകയാണ്. ഖുർആനിനോടും പ്രവാചക സുന്നത്തിനോടും സ്നേഹവും, സൗഹൃദ മനസ്ഥിതിയും ഉള്ള, റബ്ബിന്റെ പ്രീതിയും സ്വർഗവുമാണ് ഒരു മുഅ്മിനിന്റെ ആത്യന്തിക ലക്ഷ്യം എന്ന ബോധമുള്ള നിങ്ങൾ താഴെ കൊടുക്കുന്ന ജമാഅത്തിന്റെ നിരുത്തരവാദപരമായ വാദങ്ങളെയും പ്രവർത്തനങ്ങളേയും വിലയിരുത്തുക.

ഐ.പി.എച്ച് പുറത്തിറക്കിയ **ടി.കെ. ഉബൈദിന്റെ 'പ്രശ്ന ങ്ങൾ വീക്ഷണങ്ങൾ'** എന്ന പുസ്തകത്തിൽ നിന്നും ചില **'പ്രീണനപാഠങ്ങൾ'** വായിച്ചു നോക്കുക. വിശ്വാസികൾക്കുണ്ടാകുന്ന പ്രശ്നങ്ങളോട് ജമാഅത്തിനുള്ള 'ഇസ്‌ലാമിക വീക്ഷണം' എത്ര ലാഘവത്വമുള്ളതാണെന്ന് അപ്പോഴറിയാം. തന്റെ പുസ്കത്തിലവതരിപ്പിക്കുന്ന ഒരൊറ്റ വീക്ഷണത്തിനും അതിന്റെ സ്വീകാര്യതക്ക് ബലം നൽകുന്ന രേഖകൾ ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും അയാൾ ഉദ്ധരിക്കുന്നേയില്ല. മൗദൂദി വിഭാവനം ചെയ്തതും, ശൈഖ് സാഹിബും കൂട്ടരും ഇപ്പോൾ **'അമെൻറ്'** ചെയ്ത് അവതരിപ്പിക്കുന്നതുമായ ജമാഅത്തെ ഇസ്‌ലാമിക്ക് അതൊന്നും ആവശ്യമില്ലായിരിക്കാം.

**ഒരു പ്രശ്നവും വീക്ഷണവും വായിക്കുക:**

പൊതുമാറ്റ പ്രശ്നങ്ങൾ — 547

### 435. അമുസ്‌ലിംകളുടെ ആഘോഷങ്ങളും മുസൽമാനും

*ചോ: ഞാൻ ഇന്ത്യക്കു പുറത്ത് വിവിധ രാജ്യക്കാരും ഭാഷക്കാരും മതക്കാരുമായ ആളുകളോടൊപ്പമാണ് താമസിക്കുന്നത്. മലയാളികളിൽ കൂടുതൽ പേർ അമുസ്‌ലിംകളാണ്. ഓണക്കാലത്ത്, ഒരു ദേശീയോത്സവമെന്ന നിലയിൽ മലയാളികൾ ചേർന്നു മറ്റു നാട്ടുകാരെയും പങ്കെടുപ്പിച്ചു ഓണാഘോഷം സംഘടിപ്പിക്കുന്നു. സദ്യയും കലാപരിപാടികളുമായിരിക്കും പ്രോഗ്രാം. ചെലവുകൾ മലയാളികൾ വഹിക്കുന്നു. ഈ വിധം ഇന്ത്യക്കാരെല്ലാം ചേർന്നു സ്വാതന്ത്ര്യ ദിനവും എല്ലാ നാട്ടുകാരും ചേർന്ന് പുതുവത്സര ദിനവും സംഘടിപ്പിക്കാറുണ്ട്. മുസ്‌ലിമായ എനിക്ക് ഇതിലെല്ലാം പങ്കെടുക്കാമോ? ക്രിസ്തുമസ് കാലത്ത് ക്രൈസ്തവ സുഹൃത്തുക്കൾ ക്ഷണിച്ചാൽ ഹാപ്പി ക്രിസ്തുമസ് എന്നാശംസിച്ചു ഹസ്തദാനം നടത്തുന്നതും ക്രിസ്തുമസ് ഗ്രീറ്റിംഗ് കാർഡുകൾ കൈമാറുന്നതും അനുവദനീയമാണോ?*

ഉ: ഒരു സൗഹൃദവേദി, സാംസ്കാരിക പരിപാടി എന്നീ നിലകളിൽ ഓണാഘോഷം, ക്രിസ്തുമസ്, ന്യൂ ഇയർ, സ്വാതന്ത്ര്യദിനം തുടങ്ങിയ പരിപാടികളിൽ പങ്കെടുക്കുന്നതും ബന്ധപ്പെട്ടവർക്ക് വാച്യമായോ ലിഖിത രൂപത്തിലോ ആശംസകൾ കൈമാറുന്നതും ഇസ്‌ലാം വിലക്കിയിട്ടില്ല. എന്നാൽ അത്തരം പരിപാടികളിൽ ശിർക്കുപരമായതോ ഇസ്‌ലാം നിഷിദ്ധമാക്കിയതോ ആയ ചടങ്ങുകൾ നടക്കുന്നുണ്ടെങ്കിൽ, അതിൽനിന്നു മാറിനിൽക്കേണ്ടതാണ്.

അമുസ്‌ലിം സുഹൃത്തുക്കളുടെ മത സങ്കൽപങ്ങളുമായി ബന്ധപ്പെട്ട ആഘോഷ പരിപാടികളിൽ പങ്കെടുക്കുന്ന മുസ്‌ലിംകൾ സ്വന്തം വിശേഷ ദിനങ്ങളിലും അമുസ്‌ലിംകളായ സ്നേഹിതന്മാരെ പങ്കെടുപ്പിച്ചുകൊണ്ട്

548 — പ്രശ്നങ്ങൾ വീക്ഷണങ്ങൾ

അനുയോജ്യമായ പരിപാടികൾ സംഘടിപ്പിക്കുവാനും തദ്വാരാ ഇസ്‌ലാമിനേയും ഇസ്‌ലാമിക സംസ്കാരത്തെയും അവർക്കു പരിചയപ്പെടുത്താനും ശ്രമിക്കേണ്ടതുണ്ട്.

**"അമുസ്‌ലിം സുഹൃത്തുക്കളുടെ മത സകൽപങ്ങളുമായി ബന്ധപ്പെട്ട ആഘോഷ പരിപാടികളിൽ പങ്കെടുക്കുന്ന മുസ്‌ലിംകൾ" എന്ന് താഴെ എഴുതിയ സാഹിബ്, "എന്നാൽ അത്തരം പരിപാടികളിൽ ശിർക്കു പരമായതോ ഇസ്‌ലാം നിഷിദ്ധമാക്കിയതോ ആയ ചടങ്ങുകൾ നടക്കുന്നുണ്ടെങ്കിൽ, അതിൽനിന്നു മാറിനിൽക്കേണ്ടതാണ്." കീഴെ എഴുതുന്നു. "ശിർക്കുപരമായ'**

**തില്ലാത്ത 'മതസകൽപ ആഘോഷ'ങ്ങൾ ഏതാണാവൊ പടച്ചോനെ? വല്ലതും മനസിലായൊ നിങ്ങൾക്ക്?**

**അടുത്ത പ്രശ്നവും വീക്ഷണവും കാണുക:**



## 436. ക്ഷേത്ര നിർമ്മാണത്തിനു സംഭാവന

*ചോ: ക്ഷേത്ര നിർമ്മാണം, ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ തുടങ്ങിയ കാര്യങ്ങൾക്ക് അമുസ്ലിം സഹോദരന്മാരും ഇസ്ലാമിക വിരുദ്ധമായ ആദർശങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന പാർട്ടികളുടെ പാർട്ടി ഫണ്ട് പോഷിപ്പിക്കുന്നതിനായി അവയുടെ പ്രവർത്തകൻമാരും ഇവിടെ മുസ്ലിംകളിൽ നിന്ന് സംഭാവനകൾ പിരിക്കാറുണ്ട്. സൗഹാർദ്ദത്തിന്റെയും സ്നേഹത്തിന്റെയും പേരിലാണ് ഇങ്ങനെ ചെയ്യുന്നത്. പള്ളി, മദ്റസ തുടങ്ങിയവയുടെ ആവശ്യങ്ങൾക്കായി മുസ്ലിംകൾ അവരെയും സംഭാവനകൾക്കുവേണ്ടി സമീപിക്കാറുണ്ട്. അവർ സംഭാവനകൾ നൽകാറുമുണ്ട്. ഏതെങ്കിലും ഒരു വിഭാഗം സംഭാവന നൽകാൻ വിസമ്മതിച്ചാൽ അത് ചില വ്യക്തികൾക്കിടയിലോ ചിലപ്പോൾ രണ്ടു വിഭാഗങ്ങൾക്കിടയിൽ തന്നെയോ വിദ്വേഷത്തിന്നും വൈരത്തിന്നും കാരണമായിത്തീർന്നേക്കാം. എന്നാൽ ഇസ്ലാം വിരുദ്ധവും ബഹുദൈവാരാധനാപരവുമായ ആവശ്യങ്ങൾക്ക് വേണ്ടി ഒരു മുസ്ലിം സംഭാവനകൾ നൽകുന്നത് ഇസ്ലാമിക ദൃഷ്ട്യാ അനുവദനീയമാണോ? ഇക്കാര്യത്തിൽ എന്തു സമീപനമാണ് കൈക്കൊള്ളേണ്ടത്?*

ഉ: ബഹുദൈവാരാധനയും മതനിഷേധവും ഇസ്ലാമികദൃഷ്ട്യാ ഭയങ്കര പാതകങ്ങളാകുന്നു. അവയെ സഹായിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന യാതൊന്നും ഒരു മുസ്ലിം ചെയ്തുകൂടാത്തതാണ്. അതുകൊണ്ട് വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കുകയോ മതവിരുദ്ധമായ ആദർശങ്ങൾ വളർത്തുകയോ ചെയ്യുക എന്ന ലക്ഷ്യത്തോടെ അത്തരം കാര്യങ്ങൾക്കു വേണ്ടി മുസ്ലിംകൾ സംഭാവനകൾ നൽകിക്കൂടാ. ഇവിടെ വിഗ്രഹാരാധനയെ പോഷിപ്പിക്കുകയോ മതവിരുദ്ധമായ ആദർശങ്ങളെ വളർത്തുകയോ ചെയ്യുക എന്ന ലക്ഷ്യത്തോടെ എന്നു പറഞ്ഞത് പ്രത്യേകം ഉദ്ദേശ്യത്തോടെയാണ്. ഇന്ന് ഒരു കാര്യത്തിന്ന് സംഭാവനകൾ പിരിക്കുന്നത് അക്കാര്യവുമായി ആദർശൈക്യമോ ബന്ധമോ ഉള്ളവരിൽ നിന്നായിരിക്കണം എന്നില്ല. തങ്ങളുടെ ആദർശ വിശ്വാസങ്ങളുമായി യോജിപ്പുള്ള കാര്യത്തിന്നു മാത്രമേ സംഭാവന നൽകൂ എന്ന നിർബന്ധം സംഭാവന നൽകുന്നവർക്കുമില്ല. വ്യക്തികളുടെ സ്ഥാനം, അവരുമായുള്ള സ്നേഹം, സൗഹാർദ്ദം എന്നിവകളെ ആശ്രയിച്ചാണ് പൊതുവിൽ സംഭാവനകൾ ആവശ്യപ്പെടുന്നതും നൽകുന്നതുമൊക്കെ. ഈ നിലക്കുള്ള, അഥവാ ആവശ്യപ്പെടുന്നവരുമായുള്ള സൗഹാർദ്ദവും സ്നേഹവും നിലനിർത്തുക എന്ന ഉദ്ദേശ്യത്തോടെ നൽകപ്പെടുന്ന സംഭാവനകൾ, സംഭാവന ചെയ്യപ്പെടുന്ന കാര്യത്തിന്നുള്ള പ്രോത്സാഹനമായി ഗണിക്കേണ്ടതില്ല. ഏതെങ്കിലും ഒരു വിഭാഗം സംഭാവന നൽകാൻ വിസമ്മതിച്ചാൽ അത് ചില വ്യക്തികൾക്കിടയിലോ ചിലപ്പോൾ രണ്ടു വിഭാഗങ്ങൾ തമ്മിൽ തന്നെയോ ഉള്ള വിദ്വേഷത്തിന്നും വൈരത്തിന്നും കാരണമായിത്തീരാനിടയുള്ള സാഹചര്യത്തിൽ വിശേഷിച്ചും.

അമുസ്ലിം സഹോദരങ്ങളുടെ അനുഭാവംനേടുന്നതിനും സൗഹാർദ്ദം നിലനിർത്തുന്നതിനും വേണ്ടി സകാത്തിൽ നിന്ന് ഒരു വിഹിതം അവർക്കു നൽകാൻ ഖുർആൻ അനുശാസിക്കുന്നുണ്ട്. ഇങ്ങനെ നൽകുന്ന വിഹിതം

അവർ ശിർക്കിലും കുഫ്റിലും വിനിയോഗിക്കാനിടയുണ്ടല്ലോ. പക്ഷേ, അതിനൊന്നും ഉപയോഗിക്കരുത് എന്ന് വ്യവസ്ഥചെയ്തുവേണം നൽകാൻ എന്ന് ഖുർആൻ കൽപിക്കുന്നില്ല. അവർക്ക് നൽകുന്ന സദഖ അവർ എന്തിനു വേണ്ടി ഉപയോഗിക്കുന്നു എന്ന് അന്വേഷിക്കാൻ നമുക്ക് ബാധ്യതയില്ല എന്നാണല്ലോ ഇതിൽനിന്ന് മനസ്സിലാകുന്നത്. അതുവഴി, അവരിൽ മുസ്ലിംകളോട് അനുഭാവവും മൈത്രിയും ഉണ്ടാകുമോ എന്നേ നോക്കേണ്ടതുള്ളൂ. അതുണ്ടാകുമെങ്കിൽ നിങ്ങൾ അവർക്കു നൽകുന്ന സകാത്തും സദഖയും അനുവദനീയവും അഭികാമ്യവുമാകുന്നു.

എങ്കിലും നിങ്ങളുടെ സംഭാവനയെ മാത്രം ആശ്രയിച്ചാണ് ഒരു വിഗ്രഹാരാധനാ സ്ഥാപനത്തിന്റെ നിലനിൽപും ഒരു മതവിരുദ്ധ ആദർശത്തിന്റെ വളർച്ചയും എങ്കിൽ അത്തരം പരിതഃസ്ഥിതികളിൽ പ്രസ്തുത സംരംഭങ്ങൾക്ക് സഹായിക്കാവതല്ല. അല്ലാത്ത സന്ദർഭങ്ങളിൽ ഇസ്ലാമും കുഫ്റും, അല്ലെങ്കിൽ ഇസ്ലാമും ശിർക്കും തമ്മിലുള്ള വൈരുദ്ധ്യവും ഒരു മുസ്ലിം എന്ന നിലക്ക് അത്തരം ആവശ്യങ്ങളുമായി സഹകരിക്കുവാൻ നിങ്ങൾക്കുള്ള പ്രയാസവും, സംഭാവന ആവശ്യപ്പെടുന്നവരെ അവരുമായുള്ള സ്നേഹത്തിന്നും സൗഹാർദ്ദത്തിന്നും ഭംഗം വരാത്തവിധം പറഞ്ഞു മനസ്സിലാക്കി മാറി നിൽക്കുവാൻ പറ്റുമെങ്കിൽ അതാണ് ഏറ്റവും നല്ലത്.

ഇങ്ങനെ ചെയ്യാൻ സാധ്യമാകാത്ത സന്ദർഭങ്ങളും പലപ്പോഴും ഉണ്ടാകാറുണ്ട്. അപ്പോൾ സംഭാവന നിഷേധം വ്യക്തികളും വ്യക്തികളും തമ്മിലോ സംഘടനകളും സംഘടനകളും തമ്മിലോ സമുദായവും സമുദായവും തമ്മിലോ സൗഹാർദ്ദം നഷ്ടപ്പെടാനും വിദ്വേഷവും വൈരവും വളരുവാനും കാരണമാകാതെ നോക്കേണ്ടതുണ്ട്. ജനങ്ങൾക്കിടയിൽ സൗഹാർദ്ദം നഷ്ടപ്പെടുകയും വിദ്വേഷവും വൈരവും വളരുകയും ചെയ്യുക എന്നത് നിങ്ങളുടെ സംഭാവന മുഖേന ഉണ്ടാകുന്നതിനെക്കാൾ വലിയ ഫസാദ്(നാശം) ആയിരിക്കും. അതിനാൽ അത്തരം സന്ദർഭങ്ങളിൽ കൂടുതൽ വലിയ ദൂഷ്യം ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെ മേൽ പറഞ്ഞ കാര്യങ്ങൾക്കു സംഭാവനകൾ നൽകാവുന്നതാണ്.

**നമുക്ക് എന്തു മനസിലായി? സ്വർഗവും പരലോകവുമൊന്നുമല്ല പ്രശ്നം. ഇസ്ലാമും അല്ലാഹുവിൻെറ തൃപ്തിയുമല്ല കാര്യം. ഖുർആനിൻെറയും സുന്നത്തിൻേറയും പിൻബലമുണ്ടോ എന്നതും ആനക്കാര്യമല്ല. പിന്നെ, പരസ്പര സൗഹാർദ്ദം നഷ്ടപ്പെടുമൊ? വിദ്വേഷവും വൈരവും വളരുമൊ? അങ്ങനെ സമൂഹത്തിൽ ഫസാദ് (നാശം) ഉണ്ടാകുമൊ? എങ്കിൽ സംഭാവന നൽകാം... നൽകണം. നൽകേണ്ടതാാാാണ്!!!**

## <u>ഇനി വേറൊരു പ്രശ്നവും വീക്ഷണവും:</u>

പെരുമാറ്റ പ്രശ്നങ്ങൾ — 549

### 437. ഗ്രീറ്റിംഗ് കാർഡുകൾ

*ചോ: ഓണം, ബക്രീദ്, ക്രിസ്തുമസ്, പുതുവത്സര ദിനം തുടങ്ങിയ സന്ദർഭങ്ങളിൽ ഗ്രീറ്റിംഗ് കാർഡുകൾ അയക്കുന്നത് സംബന്ധിച്ച് ഇസ്‌ലാമിന്റെ നിലപാടെന്താണ്?*

ഉ: മനുഷ്യരുടെ ഊഷ്മളമായ പരസ്പര ബന്ധത്തിനും സ്നേഹത്തിനും അങ്ങേയറ്റം വില കൽപിക്കുന്ന മതമാണ് ഇസ്‌ലാം. സ്വന്തം ഉത്സവങ്ങളായ ഈദുനാളുകളിൽ സുഹൃത്തുക്കളെയും ബന്ധുക്കളെയും സന്ദർശിച്ച് അഭിവാദ്യങ്ങളർപ്പിക്കാൻ അതു കൽപിച്ചിട്ടുണ്ട്. പരസ്പരം കാണാനും നേരിട്ട് ആശംസകൾ നേരാനും സാധ്യമല്ലാത്ത വിധം അകന്നു കഴിയുന്നവർ തപാൽ വഴി ആശംസകളയക്കുന്നത് പ്രസ്തുത കൽപനയുടെ അനുസരണമായി പരിഗണിക്കാവുന്നതാണ്.

ഇതര സമുദായങ്ങൾക്കു മാത്രം ബാധകമായ ഉത്സവങ്ങൾ പ്രമാണിച്ച് മുസ്‌ലിംകൾ തമ്മിൽ ആശംസകൾ കൈമാറുന്നതിൽ അർഥമില്ല. എന്നാൽ അതതു ഉത്സവങ്ങളുമായി ബന്ധപ്പെട്ട സമുദായത്തിലെ അംഗങ്ങൾക്ക് ആ

550 — പ്രശ്നങ്ങൾ വീക്ഷണങ്ങൾ

ശംസകൾ നേരാവുന്നതാണ്. എന്നല്ല മറ്റു ജന വിഭാഗങ്ങളുമായി കൂടുതൽ നല്ല ബന്ധം സൃഷ്ടിക്കാനുള്ള ശ്രമമെന്ന നിലയിൽ അതഭികാമ്യവുമാണ്.

**ഇവിടേയും പരിഗണന ഖുർആനിനും സുന്നത്തിനുമൊന്നുമല്ല, 'മറ്റു ജന വിഭാഗങ്ങളുമായി കൂടുതൽ നല്ല ബന്ധം സൃഷ്ടിക്കുക' എന്നതാണ്. സ്വർഗത്തിനല്ല, സൗഹൃദത്തിന്!!!**

എന്നാൽ മറ്റേതൊരു പ്രശ്നത്തിലുമെന്നതു പോലെത്തന്നെ ഈ 'സൗഹൃദ സമ്പാദ്യ പദ്ധതി'യിലും ഇവരുടെ ഇരട്ടത്താപ്പു നയം കാണാനാകും. **മൗലവിമാരെ ഗൗനിക്കേണ്ടതില്ലെന്നു ലേഖനമെഴുതി മഷിയുണങ്ങും മുമ്പുതന്നെ ശൈഖ് സാഹിബിൻെറ സംഘടന, ശ്രീ ശ്രീ രവി ശങ്കറിൻെറതായി കണ്ണൂരിൽ സംഘടിപ്പിക്കപ്പെട്ട ആനന്ദോൽസവത്തിൽ പങ്കെടുത്ത തെക്കീബസാർ ജുമാ മസ്ജിദ് ഖത്തിബ് മുഹമ്മദ് അനസ് അൽഹാദിയുടെ നടപടിയെ വിമർശിച്ചു കൊണ്ട് രംഗത്തു വന്നിരിക്കുന്നു. എന്തൊരു ദുര്യോഗമാണിത്? ഈ സൗഹൃദ നിർമ്മാണവും, അന്യമതസ്തരുടെ പരിപാടികളിൽ പങ്കെടുത്ത് ഇസ്‌ലാമിക പ്രബോധനം നടത്തലും ജമാഅത്തിൻെറ മാത്രം കുത്തകയാണ് എന്നെങ്ങാനും ഈ സാധുക്കൾ മനസിലാക്കി വെച്ചിട്ടുണ്ടോ ആവൊ? ഞങ്ങളാണ് സമഗ്ര ഇസ്‌ലാമിൻെറ ആളുകൾ എന്നു മനസിലാക്കി വെച്ചതു പോലെ?**

'ഇസ്‌ലാമിക പ്രസ്ഥാന'ത്തിൻെറ പത്രത്തിൽ നിന്നു തന്നെ പ്രസ്തുത **'കൗതുക വാർത്ത'** വായിക്കുക:

# ആനന്ദോൽസവത്തിൽ പങ്കെടുത്ത ഇമാമിൻെറ നടപടിക്കെതിരെ മതസംഘടനകൾ

കണ്ണൂർ: ശ്രീ ശ്രീ രവിശങ്കർ കണ്ണൂരിൽ നടത്തിയ ആനന്ദോൽസവത്തിൽ പങ്കെടുത്ത പള്ളി ഇമാമിൻെറ നടപടിക്കെതിരെ മതസംഘടനകൾ. മനുഷ്യൻെറ സമാധാനത്തിനും ശാന്തിക്കുമുള്ള ഏക പോംവഴി തൻെറ ജീവനകലയാണെന്ന് പ്രചരിപ്പിച്ച് ആൾദൈവം ചമയുന്ന വ്യക്തിയുടെ പരിപാടിയിൽ പങ്കെടുക്കുന്നത് അതിൻെറ പ്രചാരകനാവുന്നതിന് സമമാണ്. തെറ്റായ ഈ നടപടി യഥാർഥ ദൈവവിശ്വാസികൾക്ക് ചേർന്നതല്ലെന്നും വിവിധ സംഘടനാ നേതാക്കൾ വ്യക്തമാക്കി. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ, കേരള നദ്വത്തുൽ മുജാഹിദീൻ (കെ.എൻ.എം) ജമാഅത്തെ ഇസ്‌ലാമി, ഐ.എസ്.എം എന്നീ സംഘടനകളാണ് കണ്ണൂർ തെക്കീബസാർ മസ്ജിദ് ഖത്തീബ് മൗലവി മുഹമ്മദ് അനസ് അൽഹാദിയുടെ നടപടിയെ വിമർശിച്ചത്.

ആനന്ദോൽസവത്തിൽ പങ്കെടുത്ത ഇമാമിൻെറ നടപടി വലിയ തെറ്റാണെന്നും ഇതിനെ ഗൗരവമായി തന്നെ വിലയിരുത്തുമെന്നും കണ്ണൂർ ജില്ലാ ഖാദിയും സമസ്ത ജില്ലാ ട്രഷററുമായ ഹാഷിം കുഞ്ഞിക്കോയ തങ്ങൾ വ്യക്തമാക്കി. ഇത്തരം ചെയ്തിക്ക് ആരും സമസ്തയെ മറയാക്കേണ്ട. തന്നെ വന്ന് കണ്ടവരോട് കാര്യങ്ങൾ തുറന്നു പറഞ്ഞിട്ടുണ്ടെന്നും ഹാഷിംതങ്ങൾ അറിയിച്ചു.

ഇസ്‌ലാമിൻെറ ഏക ദൈവാരാധനക്ക് തീർത്തും വിരുദ്ധമായ ആൾദൈവ സംസ്കാരത്തിൻെറ ചടങ്ങിൽ പങ്കെടുത്ത ഖത്തീബ് തെറ്റുതിരുത്തി സമൂഹത്തോട് മാപ്പുപറയണ[...] ജില്ലാ പ്രസിഡൻ[...] ഹമ്മദ് ബഷീറു[...] ദ് ഖത്തീബ് സി.[...] യുക്ത പ്രസ്ത[...] ഞ്ഞു. ഇതര മത[...] ധ്യന്മാരെ നിന്ദി[...] നിക്കാനോ മുസ്[...] ല്ല. എന്നാൽ, [...]ത്രം ആരാധിക്കുകയെന്ന വിശ്വാസപരമായ അടിത്തറക്കെതിരായതിനാൽ ബഹുദൈവത്വവുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ മുസ്ലിംകൾക്ക് പങ്കെടുത്തുകൂടെന്ന് ഹൈന്ദവർക്കുപോലും അറിയാവുന്ന കാര്യമാണ്. ജനങ്ങളെ ഏക[...]വ സംസ്കാരത്തെ പരിപോഷിപ്പിക്കുന്ന നിലപാട് ഒരു സാഹചര്യത്തിലും സ്വീകരിച്ചുകൂടെന്ന് ഐ.എസ്.എം സംസ്ഥാന പ്രസിഡൻറ് സയ്യിദ് മുഹമ്മദ് ശാക്കിർ പ്രസ്താവനയിൽ പറഞ്ഞു.

വാണിജ്യവത്കരണത്തിൻെറ വിശാലലോകം തേടി ചൂഷണത്തിൻെറ നവരൂപം സ്വീകരിക്കുന്ന ആൾദൈവ വ്യവസായത്തെ പിന്തുണക്കുന്നത് പ്രകൃതിവിരുദ്ധവും ദൈവിക താൽപര്യങ്ങൾക്ക് നിരക്കാത്തതുമാണ്. സാധാരണക്കാരായ ബഹുജനങ്ങളെ അപകടകരമായ നിലപാടുകളിലെത്തിക്കുന്നതിൻെറ ഉത്തരവാദിത്തം ഇത്തരം പണ്ഡിതർക്കാണെന്നും ശാക്കിർ പറഞ്ഞു.

മതവിഭാഗങ്ങൾ തമ്മിലുള്ള ഐക്യവും സൗഹാർദപരമായ സംവാദങ്ങളും കാലഘട്ടത്തിൻെറ ആവശ്യമാണ്. എന്നാൽ, അന്ധവിശ്വാസങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന വിധത്തിലുള്ള സമീപനങ്ങൾ അപകടകരമാണെന്ന് ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡൻറ് യു.പി. സിദ്ദീഖ് പറഞ്ഞു. ആദർശപരമായ വ്യതിരിക്തത കാത്തുസൂക്ഷിക്കാൻ സമുദായത്തിൽ വിവാദമുണ്ടാക്കുന്ന ചെയ്തികളിൽനിന്ന് വിട്ടുനിൽക്കാനും പണ്ഡിതർക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

## 'രവിശങ്കർ സമാധാനപ്രേമി'

കണ്ണൂർ: രാഷ്ട്രീയ കൊലപാതകങ്ങൾകൊണ്ടും മതവർഗീയതകൊണ്ടും ദുഷ്പേര് സമ്പാദിച്ച കണ്ണൂരിൻെറ കലുഷിതാവസ്ഥക്ക് മാറ്റം വരാൻ വേണ്ടിയാണ് ശ്രീ ശ്രീ രവിശങ്കറിൻെറ പരിപാടിയിൽ സംബന്ധിച്ചതെന്ന് തെക്കീബസാർ ജുമാമസ്ജിദ് ഖത്തീബ് മുഹമ്മദ് അനസ് അൽഹാദി പ്രസ്താവനയിൽ പറഞ്ഞു. ഇത്തരം സമാധാനപ്രേമികളുമായി വേദി പങ്കിടുന്നതിലൂടെ വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ആനന്ദോൽസവ വേദിയിൽ രവിശങ്കറിൻെറ പ്രധാന ശിഷ്യൻ സജിത്ത്, ബുദ്ധൻെറയും ക്രിസ്തുവിൻെറയും മുഹമ്മദ് നബിയുടെയുമൊക്കെ സംഹിതകൾ ജീവനകലയിലൂടെ അപ്രസക്തമായെന്നും ഇനി ഗുരുജി ശ്രീ ശ്രീ രവിശങ്കർ മാത്രമാണ് ലോകത്തിന് വഴികാട്ടിയെന്നും പറഞ്ഞത് അവരുടെ മാത്രം അഭിപ്രായമാണ്. വേദിയിൽ പങ്കെടുത്തതുകൊണ്ട് അത് തൻെറ അഭിപ്രായമാവുകയില്ല- അദ്ദേഹം കൂട്ടിച്ചേർത്തു.

ക്കി. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ, കേരള നദ്വത്തുൽ മുജാഹിദീൻ (കെ.എൻ.എം) ജമാഅത്തെ ഇസ്‌ലാമി, ഐ.എസ്.എം എന്നീ സംഘടനകളാണ് കണ്ണൂർ തെക്കീബസാർ മസ്ജിദ് ഖത്തീബ് മൗലവി മുഹമ്മദ് അനസ് അൽഹാദിയുടെ നടപടിയെ വിമർശിച്ചത്.

അതെ, വിഷയം ക്ലിയറാണ്. തങ്ങളുടെ കഴിഞ്ഞകാല ചരിത്രം തിരുത്തപ്പെടണം. മുസ്‌ലിം സമൂഹത്തിന് വായിക്കാനും അവരെ പഠിപ്പിക്കാനും അതത്ര നന്നല്ല. ഈ തിരിച്ചറിവിൽ നിന്നാണ് 'ഹുകൂമത്തെ ഇലാഹി'യെന്ന മുദ്രാവാക്യത്തിനും അതിനു വേണ്ടിയുള്ള ശ്രമങ്ങൾക്കും പകരം, സോളിഡാരിറ്റിയെന്ന ബിനാമി നാമവും, ഓണക്കിറ്റും, അയ്യപ്പ ഭക്തർക്കുള്ള യാത്രയയപ്പും, മറ്റും മറ്റുമായി ജമാഅത്ത് സൗഹൃദ സമ്പാദ്യ പദ്ധതിയുമായി മുന്നോട്ടു നീങ്ങുന്നത്. അതിന് തറവാടിത്തമുള്ള ആരെ വിമർശിക്കാനും അവർ തയ്യാറാണ്. ജമാഅത്തുകാരെ, നിങ്ങളുടെ ആശയത്തിൻെറ അടിയാധാരങ്ങൾ മാറ്റാത്തിടത്തോളം കാലം, നിങ്ങളുടെ ഈ കാട്ടിക്കൂട്ടലൊക്കെ വെറും ജാഡകളായേ സമൂഹം മനസിലാക്കൂ. അതിനു മാത്രം വിവേകമുള്ളവരാണ് അവർ.